**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1242 30/01/2018-ൽ മറുപടിയ്ക്ക്

**പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ചിറ്റയം ഗോപകുമാർ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി സി.കെ. ആശ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 2012 ആഗസ്റ്റ് മാസത്തിനുശേഷം ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അംഗീ കാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2012 ആഗസ്റ്റ് മാസത്തിനുശേഷം ആരംഭിച്ചിട്ടുള്ള പ്രീപ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല.<br>07/12/2012-ന് ശേഷം പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുവാനോ പുതിയ നിയമനങ്ങൾ നടത്തുവാനോ പാടില്ലായെന്ന് സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ ആവശ്യം പരിഗണനയിലില്ല. |
| (ബി) 2012 ആഗസ്റ്റിനുശേഷമുള്ള, അംഗീകാരം ലഭിക്കാത്ത പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ആയമാർക്കും വളരെ തുച്ഛമായ വേതനമാണ് അദ്ധ്യാപകരക്ഷകർത്തൃ സമിതികൾ നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകി,ജീവനക്കാർക്ക് മാന്യമായ ശമ്പളം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) 07/12/2012 വരെ നിയമിക്കപ്പെട്ട 01/08/2012-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാ പ്രീപ്രൈമറി ജീവനക്കാർക്കും നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 07/12/2012-ന് ശേഷം ഇത്തരം സ്കൂളുകൾ ആരംഭിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ തുടർന്ന് അംഗീകാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ